LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട ജില്ലയിലെ അബ്കാരി കേസ്സുകൾ

114 [1917] ശ്രീ. രാജു എബ്രഹാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ശബരിമല മണ്ഡലം മകരവിളക്കു സീസണുശേഷം പത്തനംതിട്ട ജില്ലയിൽ എക്സൈസ് വകുപ്പ് എത്ര അബ്കാരി കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് റേഞ്ച് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര വ്യാജവാറ്റ് കേസ്സുകളുണ്ട്;

(സി) സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട എത്ര കേസ്സുകളുണ്ടെന്ന് റേഞ്ച് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വ്യാജവാറ്റുമായി ബന്ധപ്പെട്ട് എത്ര റെയ്ഡുകളാണ് നടത്തിയിട്ടുള്ളതെന്ന് റേഞ്ച് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഈ റെയ്ഡുകളിൽ ഓരോന്നിലും ലഭിച്ച മദ്യത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(എഫ്) വ്യാജ സ്പിരിറ്റ്/ചാരായം തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര വാഹന റെയ്ഡുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളെടുത്തിട്ടുണ്ട്;

(ജി) ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 207 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ റേഞ്ച് തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

റേഞ്ച്		കേസുകൾ
അടൂർ	..	59
പത്തനംതിട്ട	..	18
കോന്നി	..	43
റാന്നി	..	41
മല്ലപ്പള്ളി	..	23
തിരുവല്ല	..	23
ആകെ	..	207

(ബി) 32.

(സി) സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് 45 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ റേഞ്ച് തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

റേഞ്ച്		കേസുകൾ
അടൂർ	..	16
പത്തനംതിട്ട	..	4
കോന്നി	..	9
റാന്നി	..	7
മല്ലപ്പള്ളി	..	3
തിരുവല്ല	..	6
ആകെ	..	45

(ഡി) 13350 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. അവയുടെ റേഞ്ച് തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

റേഞ്ച്		റെയ്ഡുകൾ
അടൂർ	..	3240
പത്തനംതിട്ട	..	1824
കോന്നി	..	2635
റാന്നി	..	2980
മല്ലപ്പള്ളി	..	1246
തിരുവല്ല	..	1425
ആകെ	..	13350

(ഇ) എല്ലാ റെയ്ഡുകളിലും മദ്യം പിടിച്ചിട്ടില്ല. റെയ്ഡുകളിൽ പിടിച്ച/ നശിപ്പിച്ച മൊത്തം മദ്യത്തിന്റെ ഇനം തിരിച്ചുള്ള അളവ് ചുവടെ ചേർക്കുന്നു:

ഇനം		അളവ് (ലിറ്റർ)
ചാരായം	..	800
വാഷ് (നശിപ്പിച്ചത്)	..	23450
സ്പിരിറ്റ്	..	3500
വിദേശമദ്യം	..	38

(എഫ്) 1245 വാഹന പരിശോധനകൾ നടത്തുകയും 6 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ജി) 6 വാഹനങ്ങൾ പിടിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly